LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻ : ഇറിഗേഷൻ സൗകര്യം ഉണ്ടാക്കാതെ മുക്കാളി പദ്ധതികൊണ്ടു് യാതൊരു ഗുണവും ഉണ്ടാവുകയില്ലെന്നു മനസിലാക്കി അതിലേക്കു് നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : മുക്കാളി പ്രോജക്ററിൽ ഇറിഗേഷൻ സൗകര്യത്തിനുവേണ്ടി ഒരു ബറാസ്സുൻ ചെട്ടിയാരിൽനിന്നും ഭൂമി അക്വയർ ചെയ്യുന്നതിനു് 25.000 രൂപ വച്ചിരുന്നു. ഇപ്പോൾ അതിന്റെ ആവശ്യമില്ലാത്തതുകൊണ്ടു് അതു് എടുക്കാതിരിക്കുകയാണു്. എന്നിരുന്നാലും ഇറിഗേഷന്റെ കാര്യം പ്രത്യേകമായി പരിശോധിക്കാവുന്നതാണു്.

WRITTEN ANSWERS

ഡീപ്പു് സീ ഫിഷിംഗിനുള്ള ട്രോളറുകൾ

✱ 883. [31] **ശ്രീ. കെ. സി. ഏബ്രഹാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡോനോർവീജിയൻ പ്രോജക്ററിൽനിന്നു് ഡീപ്പു് സീ ഫിഷിംഗിനുള്ള ട്രോളറുകൾ കേരളത്തിലെ മത്സ്യവ്യവസായികൾക്കു നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര, ആർക്കെല്ലാം ;

(സി) ഓരോ ട്രോളറിനു അനുവദിച്ചിട്ടുള്ള സബ്ബു്സിഡി എത്ര ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (**ശ്രീ. കെ. കുഞ്ഞമ്പു**) :

(എ) നൽകിയിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

അദ്ധ്യാപകരുടെ സ്ഥലംമാററം

✱ 884. [33] **ശ്രീ. എസ്സ്. കുമാരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്തെല്ലാം മാനദണ്ഡങ്ങൾവച്ചാണു് അദ്ധ്യാപകരെ സാധാരണ സ്ഥലം മാററുന്നതു് ;

(ബി) അദ്ധ്യയനം തുടങ്ങിയശേഷം കൂടക്കൂടെയുള്ള അദ്ധ്യാപകരുടെ സ്ഥലംമാററം ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളേയും അവരുടെ പഠിത്തത്തേയും സാരമായി ബാധിക്കുന്നുണ്ടു് എന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അദ്ധ്യാപകരുടെ സ്ഥലംമാററം സ്കൂൾവർഷാരംഭത്തിൽതന്നെ ആക്കാനും അതു് കുറഞ്ഞതു് ഒരു വർഷത്തേക്കെങ്കിലും പ്രാബല്യത്തിലിരിക്കത്തക്കവണ്ണം ആക്കാനും ഗവണ്മെന്റു് ശ്രദ്ധിക്കുമോ ;

(ഡി) വൈക്കം ഹൈസ്കൂൾഹെഡു്മിസു്ട്രസു് ശ്രീമതി ജെ. ഭാഗീരഥി അമ്മയെ കലവൂർ ഹൈസ്കൂൾ ഹെഡു്മിസു്ട്രസു് ആയി അടുത്ത കാലത്തു് സ്ഥലം മാററിയിട്ടുണ്ടോ ;

(ഈ) ഒരു മാസം തികയുന്നതിനുമുമ്പേ അവരെ സ്ഥലംമാററിക്കൊണ്ടുള്ള ഉത്തരവു റദ്ദുചെയ്യുകയുണ്ടായോ ;

(എഫ്) എങ്കിൽ അതിനു കാരണമെന്തു് ;

(ജി) പ്രസ്തുത സ്ഥലംമാററഉത്തരവു് റദ്ദുചെയ്തതു് സംബന്ധിച്ചു് ഏതെങ്കിലും ആക്ഷേപം ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടോ ;

(എച്ചു്) അതിനെക്കുറിച്ചു് വല്ല അന്വേഷണവും നടത്തിയോ ;

(ഐ) കഴിയുന്നതും വേഗം ഇതേക്കുറിച്ചു് അന്വേഷിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (**ശ്രീ. ആർ. ശങ്കർ**) :

(എ) സർവ്വീസിന്റെ പൊതു താൽപര്യത്തെ മുൻനിറുത്തിയാണ് സാധാരണ സ്ഥലമാറ്റങ്ങൾ നടത്തുന്നത്. സ്ഥലമാറ്റം കൊടുക്കുമ്പോൾ താഴെ പറയുന്ന അദ്ധ്യാപകർക്ക് പ്രത്യേക പരിഗണന നൽകാറുണ്ട്.

1. പെൻഷൻ പററാറായവർ.
2. വളരെക്കാലമായി സ്വദേശംവിട്ടു ജോലി ചെയ്യുന്നവർ.
3. അവിവാഹിതകളായ സ്ത്രീകൾ.
4. വേറിട്ടു താമസിക്കുന്ന ദമ്പതികൾ.
5. ജവാന്മാരുടെ അടുത്ത ബന്ധുക്കൾ.

(ബി, സി) സാധാരണയായി അദ്ധ്യയനവർഷത്തിന്റെ പ്രാരംഭത്തിൽ മാത്രമേ സ്ഥലമാററം നടത്താറുള്ളു. അതുകൊണ്ടു് പൊതുവേ അദ്ധ്യാപകന്മാർ ഒരു സ്കൂളിൽ ചുരുങ്ങിയതു് ഒരു കൊല്ലമെങ്കിലും പ്രവർത്തിക്കേണ്ടതാണ്. പ്രമോഷൻ മുതലായ കാരണത്താൽ മാററങ്ങൾ അത്യാവശ്യമായി വരുമ്പോൾ സ്കൂളുകളിൽ അദ്ധ്യയനത്തിനു് ആവുന്നതും തടസ്സം വരാത്തവിധത്തിലാണ് സ്ഥലംമാററം അദ്ധ്യയനവർഷത്തിൽ നടത്താറുള്ളതു്.

(ഡി) 12-11-1963—ൽ സ്ഥലം മാററിയിട്ടുണ്ടു്.

(ഇ) 19-11-1963—ൽ വിദ്യാഭ്യാസ ഡയറക്ടർ സ്ഥലമാററ ഉത്തരവ് റദ്ദുചെയ്യുകയുണ്ടായി.

(എഫ്) കുട്ടികളുടെ പഠിത്തത്തിനു് തടസ്സമുണ്ടാകുമെന്നുള്ള നിവേദനത്തെ തുടർന്നാണ് സ്ഥലമാററം റദ്ദാക്കിയതു്.

(ജി) ഇല്ല.

(എച്ച്, ഐ) ഉദിക്കുന്നില്ല.

സ്പിന്നിംഗുമില്ലുകൾ

✻ 885. [9] **ശ്രീ. എം. സി. ഏബ്രഹാം**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ഇപ്പോൾ എത്ര സ്പിന്നിംഗ് മില്ലുകൾക്ക് ലൈസൻസ് കൊടുത്തിട്ടുണ്ട്;

(ബി) ടി ലൈസൻസ് അനുസരിച്ച് സ്പിന്നിംഗ് മില്ലുകൾ സ്ഥാപിക്കുന്നതുസംബന്ധിച്ചുള്ള നടപടികൾ എത്രമാത്രം പുരോഗമിച്ചു?

വ്യവസായവകുപ്പുമന്ത്രി (**ശ്രീ. കെ. എ. ദാമോദരമേനോൻ**):

(എ) പുതുതായി 12 സ്പിന്നിംഗ് മില്ലുകൾ തുടങ്ങുന്നതിനുള്ള ലൈസൻസു ലഭിച്ചിട്ടുണ്ട്.

(ബി) വിവരങ്ങളടങ്ങുന്ന പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്, *

അടിമക്കച്ചവടം.

✻ 886. [13] **ശ്രീ. കെ. സി. ഏബ്രഹാം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ അടിമക്കച്ചവടം നടക്കുന്നുണ്ടെന്നുള്ള ആക്ഷേപത്തെപ്പററി അന്വേഷിച്ചുവോ;

(ബി) അന്വേഷണത്തിന്റെ ഫലം എന്താണ്?

Appendix VI